LIBRARY ARCHIVES Kerala Legislative Assembly

ഫീൽഡ് വിഭാഗം ജീവനക്കാർ

40 (705) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യവകുപ്പിൽ ഫീൽഡ് വിഭാഗം ജീവനക്കാരുടെ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ;

(ബി) ജനസംഖ്യാനുപാതികമായുള്ള ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കു ന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 118 തസ്തികകൾ.

(ബി) ജനസംഖ്യാനുപാതികമായുള്ള ജീവനക്കാരുടെ അഭാവം നികത്തു വാനായി താൽക്കാലികമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലാ ആശുപത്രിയിലെ നിയമനം

41 (706) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയാണ് ; ഇപ്പോൾ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്രയാ ണെന്നും ഒഴിവുകൾ എത്രയാണെന്നും വിശദമാക്കുമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ, ആലപ്പുഴ ജില്ലാ ആശു പത്രിയിലും അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആലപ്പുഴ ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തി യിട്ടുണ്ട്. അനുവദിച്ച തസ്തികകൾ 266. നിലവിൽ 240 പേർ ജോലി ചെയ്യുന്നു. 26 പേരുടെ ഒഴിവ് നിലവിലുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

(സി) ആലപ്പുഴ ജില്ലാ ആശുപത്രി 1-8-2007-ൽ ജനറൽ ആശുപത്രിയായി ഉയർത്തിയെങ്കിലും ജനറൽ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ 24 മണിക്കൂറും സേവനം ലഭ്യമാണ്.

മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി

42 (707) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീതി മെഡിക്കൽ സ്റ്റോറുകളിൽ അത്യാവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ലെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മരുന്ന് സംഭരണവും വിതരണവും

43 (708) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ ;

(ബി) സർക്കാരാശുപത്രികളിൽ വേണ്ടമരുന്നുകളും ഉപകരണങ്ങളും ആവശ്യാനുസരണം ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) മരുന്നും ഉപകരണങ്ങളും വാങ്ങാൻ വേണ്ട തുക കെ.എം.എസ്.സി.എൽ.-ന് ലഭ്യമാക്കാത്തതുമൂലം മരുന്നുവിതരണക്കാർക്ക് കുടിശ്ശികവരുത്തിയത് മരുന്ന് വിതരണത്തെ പ്രതിസന്ധിയിലാക്കിയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly